ഉത്തരം

(എ)&(ബി) ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ മുഖാന്തിരം 1998-99 സാമ്പത്തിക വർഷം താഴെപ്പറയുന്ന പദ്ധതികൾക്കായി ഭരണാനുമതിയും ആദ്യ ഗഡു സാമ്പത്തിക സഹായവും നൽകിയിട്ടുണ്ട്.

1.	ലക്ഷ്വറി ബോട്ട് വാങ്ങുന്നതിന്	-	21,60,000/- രൂപ
2.	ആലപ്പുഴ ബീച്ചിൽ പിക്നിക് സ്പോട്ടിന്റെ വികസനം	-	13,00,000/- രൂപ
3.	രാജാ കേശവദാസ് പാർക്കിന്റെ പുതുക്കിപണിയലും മോടിപിടിപ്പിക്കലും	-	18,46,000/- രൂപ
4.	ടൂറിസ്റ്റ് അമിനിറ്റി സെന്റർ	-	16,00,000/- രൂപ
5.	'കളിയോടം' ബോട്ട് റിപ്പയർ ചെയ്യുന്നതിനുവേണ്ടി	-	1,17,860/- രൂപ

ഇതിനുപുറമേ കായലോരവികസനത്തിന് ഭൂമി വാങ്ങുവാനായി 44,02,734/- രൂപയും അനുവദിച്ചിട്ടുണ്ട്. ആലപ്പുഴ ബീച്ചിൽ പിക്നിക് സ്പോട്ടിന്റെ വികസനത്തിന് 13 ലക്ഷം രൂപ ഭരണാനുമതി നൽകിയതിൽ ആദ്യ ഗഡുവായി 10 ലക്ഷം രൂപ നൽകിയിട്ടുണ്ട്. രാജാ കേശവദാസ് പാർക്കിന് 10 ലക്ഷം രൂപയും ടൂറിസ്റ്റ് അമിനിറ്റി സെന്ററിന് 10 ലക്ഷം രൂപയും ആദ്യഗഡുവായി നൽകിയിട്ടുണ്ട്.

(സി) പദ്ധതി നടത്തിപ്പിനായി ആവശ്യമായ തുക നീക്കിവച്ചിട്ടുണ്ട്.

(ഡി)&(ഇ) ഉത്തരം 'എ' യിൽ കാണിച്ചിരിക്കുന്ന പദ്ധതികൾക്കു പുറമെ കേന്ദ്ര ടൂറിസം വകുപ്പിന്റെ ധനസഹായത്തോടെ പുന്നമടക്കായലിൽ ഒരു സ്ഥിരം പവലിയൻ നിർമ്മിക്കുന്നതാണ്. ഇതിന് 61.50 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നു. കായൽ ടൂറിസം വികസിപ്പിക്കുന്നതിന്റെ ഭാഗമായി പമ്പ-കുട്ടനാട് ഭാഗത്ത് അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്ന പദ്ധതി നടപ്പിലാക്കിവരുന്നു. ഇതിന്റെ ഭാഗമായി ആലപ്പുഴയിൽ ബോട്ട് ടെർമിനലും പള്ളാത്തുരുത്തി കോതറത്തോട്, നെടുമുടി, വട്ടക്കായൽ എന്നീ സ്ഥലങ്ങളിൽ അടിസ്ഥാന സൗകര്യങ്ങളും വികസിപ്പിക്കുന്നതാണ്. തണ്ണീർമുക്കത്തും ഒരു ബോട്ട് ടെർമിനൽ സ്ഥാപിക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. കായംകുളത്ത് ഒരു ജലയോര വിശ്രമകേന്ദ്രത്തിന്റെ പണി കേന്ദ്രസഹായത്തോടെ നടന്നുകൊണ്ടിരിക്കുന്നു. മേൽപ്പറഞ്ഞ പദ്ധതികൾക്ക് ആവശ്യമായ തുക നീക്കിവച്ചിട്ടുണ്ട്.

133 (1493) ആലപ്പുഴ നഗരത്തിലെ വിനോദസഞ്ചാര പദ്ധതി

ശ്രീ. കെ.സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ ധനസഹായത്തോടുകൂടി ആലപ്പുഴ നഗരത്തിൽ ഏതെങ്കിലും തരത്തിലുള്ള വിനോദസഞ്ചാര പദ്ധതി നടപ്പാക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ടൂറിസം വകുപ്പിനു കീഴിൽ ആലപ്പുഴയിൽ നിർമ്മിക്കുന്ന ഗസ്റ്റ് ഹൗസിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ മന്ദഗതിയിലാണെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ നിർമ്മാണം ത്വരിതഗതിയിലാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) കേന്ദ്രസർക്കാരിന്റെ ധനസഹായത്തോടുകൂടി ആലപ്പുഴ നഗരത്തിൽ ഒരു യാത്രിനിവാസ് പണി പൂർത്തിയായി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പുന്നമടക്കായലിൽ പണിയാൻ ഉദ്ദേശിക്കുന്ന ബോട്ട് റേസ് പവിലിയനാണ് കേന്ദ്രസഹായത്തോടെയുള്ള മറ്റൊരു പദ്ധതി. ഇതിന് 35 ലക്ഷം രൂപയുടെ കേന്ദ്രസഹായം ലഭിക്കും.

(ബി)&(സി) ചില തൊഴിൽ പ്രശ്നങ്ങൾ കാരണം ഗസ്റ്റ് ഹൗസിന്റെ പണി മന്ദഗതിയിലായിരുന്നു. ഇപ്പോൾ ഈ സ്ഥിതിയിൽ മാറ്റം വന്നിട്ടുണ്ട്.

134 (1494) പുന്നമടക്കായലിൽ സ്ഥിരം സ്റ്റേഡിയം

ശ്രീ. കെ.സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെഹ്റു ട്രോഫി വള്ളംകളി നടക്കുന്ന പുന്നമടക്കായലിൽ കേന്ദ്ര സർക്കാർ സഹായത്തോടെ സ്ഥിരം സ്റ്റേഡിയത്തിന്റെ നിർമ്മാണം മന്ദഗതിയിലാണെന്നകാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ നിർമ്മാണ നടപടികൾ ത്വരിതഗതിയിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(സി) സ്റ്റേഡിയം നിർമ്മിക്കുന്നതിന് കേന്ദ്രസർക്കാരിന്റെ ധനസഹായം എത്രയാണെന്ന് വ്യക്തമാക്കുമോ;

(ഡി) ധനസഹായത്തുക സംസ്ഥാന സർക്കാരിന് കൈമാറിയിട്ടുണ്ടോ;

(ഇ) 1998 ലെ നെഹ്റു ട്രോഫി വള്ളംകളി നടത്തിപ്പിനെത്തുടർന്ന് നെഹ്റു ട്രോഫി ബോട്ട്റേസ് സൊസൈറ്റിക്ക് അഞ്ച് ലക്ഷത്തോളം രൂപയുടെ സാമ്പത്തിക ബാദ്ധ്യത ഉണ്ടായിട്ടുള്ളകാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) എങ്കിൽ ഇത് പരിഹരിക്കുന്നതിനായി സൊസൈറ്റിക്ക് ധനസഹായം നൽകുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ)&(ബി) പുന്നമടക്കായലിൽ നടത്തിവരാറുള്ള വള്ളംകളിയുടെ ഫിനിഷിംഗ് പോയിന്റിലുള്ള ദ്വീപിലാണ് ഈ പദ്ധതി ആരംഭിക്കുവാൻ ഉദ്ദേശിച്ചിരുന്നത്. എന്നാൽ ടൂറിസം ഡയറക്ടർ സ്ഥലം സന്ദർശിച്ചശേഷം ജില്ലാ കളക്ടർ ഡി.റ്റി.പി.സി. ഹൗസ് ബോട്ടുടമകൾ എന്നിവരുമായി കൂടിയാലോചിക്കുകയും പവിലിയൻ കൂടുതൽ ഉപകാരപ്രദമാക്കുന്നതിനായി കായലിന്റെ പടിഞ്ഞാറ് ഭാഗത്തേക്ക് മാറ്റി പണിയുവാൻ തീരുമാനിക്കുകയുണ്ടായി. പദ്ധതി

LIBRARY ARCHIVES Kerala Legislative Assembly